# നല്ല സമറിയാക്കാരന്റെ ഉപമ

## വി. ലൂക്കായുടെ സുവിശേഷം

## അദ്ധ്യായം 10



നിത്യജീവൻ അവകാശമാക്കാനുള്ള മാർഗം വേദപണ്ഡിതനായ നിയമജ്ഞൻ ഔപചാരികമായ വേദപാണ്ഡിത്യം നേടിയിട്ടില്ലാത്ത യേശുവിനോട് ആരായുന്നു. നിത്യജീവനെപ്പറ്റിയുള്ള പരാമർശം വി. ഗ്രന്ഥത്തിലുണ്ട് (LXX ദാനി 12:2; മത്താ 19:29; മർക്കോ 10:17; തീത്തു 3:7; 1 പത്രോ 3:7). നിയമജ്ഞൻ ചോദിക്കുന്ന ചോദ്യംതന്നെ ലൂക്കാ 18:18–30 ൽ ഒരു അധികാരി യേശുവിനോട് ഉന്നയിക്കും.

നിത്യജീവൻ അവകാശമാക്കാൻ എന്തു ചെയ്യണം എന്ന നിയമജ്ഞന്റെ ചോദ്യത്തിനു പുതുമയുണ്ട്. നിത്യജീവൻ അവകാശമാക്കുക എന്ന ശൈലി പഴയനിയമത്തിലില്ല. പുതിയനിയമത്തിൽത്തന്നെ സമവീക്ഷണ സുവിശേഷങ്ങളിൽ മാത്രമേയുള്ളൂ (മർക്കോ 10:17; മത്താ 19:29; ലൂക്കാ 10:25; 18:18). പഴയനിയമത്തിൽ ദേശം അവകാശമാക്കുന്നതിനെപ്പറ്റിയും (ഉത്പ 28:4; നിയ 1:8; 2:12; 4:1), കർത്താവ് അവകാശമായിരിക്കുന്നതിനെപ്പറ്റിയും (LXX സങ്കീ 15:5) ഉണ്ട്. സങ്കീ 36:18 ഉം എസ്തേ 4:7 ഉം നിത്യമായ അവകാശം പരാമർശിക്കുന്നു. നീതിനിഷ്ഠർ നിത്യജീവനിലേക്ക് ഉയിർക്കുമെന്നു LXX ദാനി 12:2 ഉറപ്പു പറയുന്നു. "നിത്യമായ അവകാശ"ത്തെപ്പറ്റി ഹെബ്രാ 9:15 പറയുന്നു. "നിത്യജീവൻ" പുതിയനിയമത്തിൽ

സുലഭമാണ്. ലൂക്കാ ഇത് പലയിടത്തും ആവർത്തിക്കുന്നു (18:18,30; അപ്പ 13:46,48). പല പഴയനിയമഭാഗങ്ങളുടെയും മരണാനന്തരജീവിതത്തെക്കുറിച്ച് യേശുവിന്റെ കാലത്തെ യഹൂദരുടെ വിശ്വാസത്തിന്റെയും വെളിച്ചത്തിൽ നിയമജ്ഞൻ ചോദിച്ചു.

യേശുവിനെ പരീക്ഷിക്കാനാണ് നിയമജ്ഞൻ ചോദിച്ചത്. യേശു ഒരു മറുചോദ്യമുന്നയിച്ച് അയാളുടെ ചോദ്യത്തിനുത്തരം അയാളെക്കൊണ്ടുതന്നെ പറയിപ്പിക്കുന്നു. യേശുവിന്റെ മറുചോദ്യം ഇതാണ്: നിയമത്തിൽ എന്ത് എഴുതിയിരിക്കുന്നു? നീ എന്തു വായിക്കുന്നു? യേശുവിന്റെ രണ്ടാംചോദ്യമാണ് ഏറ്റവും ശ്രദ്ധേയം. നിയമത്തിൽ എഴുതപ്പെട്ടിരിക്കുന്നത് ഓരോരുത്തരും വായിക്കുന്നതെങ്ങനെ എന്നതിനെ ആശ്രയിച്ചാണ് നിയമപാലനം സംഭവിക്കുന്നതും, നിയമത്തിന്റെ ശരിയായ ഉദ്ദേശ്യം സാക്ഷാത്കൃതമാകുകയോ ആകാതിരിക്കുകയോ ചെയ്യുന്നതും.

യേശുവിന്റെ മറുചോദ്യത്തിന് നിയമജ്ഞൻ തോറായിലെ രണ്ടു പാഠങ്ങൾ (നിയ 6:5 ഉം ലേവ്യ 19:18 ഉം) സംയോജിപ്പിച്ചു മറുപടി നല്കി. അതിന്റെ ഒന്നാം ഭാഗം യഹൂദർ ദിവസം രണ്ടു പ്രാവശ്യം ഉരുവിട്ടിരുന്ന ഷേമാപ്രാർത്ഥനയുടെ (നിയ 6:4-9) ഭാഗമാണ്. അത്, യഹൂദൻ ദൈവമായ കർത്താവിനെ സ്നേഹിക്കേണ്ട വിധം വ്യക്തമാക്കുന്നു: *നിന്റെ ദൈവമായ കർത്താവിനെ പൂർണഹൃദയത്തോടും പൂർണാത്മാവോടും പൂർണ ശക്തിയോടും പൂർണ മനസ്സോടുംകൂടെ സ്നേഹിക്കണം (നിയ 6:5).* "*നിന്റെ ദൈവമായ കർത്താവ്*" ഇസ്രായേലിന്റെ ഏകദൈവമാണ്. സെമിറ്റിക് സങ്കല്പത്തിൽ ഹൃദയം മനുഷ്യന്റെ അസ്തിത്വത്തിന്റെയും വ്യക്തിത്വത്തിന്റെയും കേന്ദ്രമാണ്. അവിടെയാണ് ആത്മാവ് അഥവാ ജീവൻ നിലനില്ക്കുന്നതും മനസ്സു പ്രവർത്തിക്കുന്നതും. ഹൃദയവും ആത്മാവും മനസ്സും ചേരുമ്പോൾ ശക്തി അഥവാ ഊർജ്ജം ഉദ്ഭൂതമാകുന്നു. ഇവ നാലും കൂടുമ്പോൾ പൂർണ മനുഷ്യവ്യക്തിയാകുന്നു. ദൈവത്തെ സ്നേഹിക്കുന്നതിൽ മനുഷ്യവ്യക്തിത്വത്തിന്റെ സകല തലങ്ങളും ഉൾപ്പെടണമെന്ന്/ ഏർപ്പെടണമെന്ന് നിയ 6:5 കല്പിക്കുന്നു. നിയമജ്ഞന്റെ മറുപടിയുടെ രണ്ടാം ഭാഗം, "നിന്നെപ്പോലെ നിന്റെ അയല്ക്കാരനെ സ്നേഹിക്കണം" എന്ന ഭാഗം, ലേവ്യ 19:18 ആധാരമാക്കിയുള്ളതാണ്. ഈ ഭാഗം കൂടി ചേരുമ്പോൾ നിത്യജീവൻ അവകാശമാക്കാൻ ഞാൻ എന്തുചെയ്യണമെന്ന ചോദ്യത്തിന്റെ ശരിയുത്തരമായി. അതിനാൽ അവന്റെ ഉത്തരം ശരിവച്ചു യേശു നിർദ്ദേശിച്ചു: "*ഇതനുസരിച്ച് പ്രവർത്തിക്കുക, നീ ജീവിക്കും.*" ദൈവത്തെ പൂർണമായി സ്നേഹിക്കണം. (നിയ 6:6) എന്ന കല്പനയുടെ പാലനം പൂർണമാകാൻ നീ നിന്നെ സ്നേഹിക്കുന്നതുപോലെതന്നെ നിന്റെ അയൽക്കാരനെയും സ്നേഹിക്കണം (ലേവ്യ 19:8) എന്ന കല്പനയും പാലിക്കണം. ഈ രണ്ടു ഭാഗങ്ങളും അവിഭാജ്യങ്ങളാണ്. ബാഹ്യമായ ആചാരാനുഷ്ഠാനങ്ങൾക്കു പ്രാധാന്യം കൊടുക്കുകയും അയല്ക്കാരനോടു ചെയ്യേണ്ട നീതി അവഗണിക്കുകയും ചെയ്യുന്നതിനെതിരേ പ്രവാചകന്മാർ ശബ്ദമുയർത്തിയിട്ടുണ്ടല്ലോ (സങ്കീ 51:16-17; ഏശ 58, എസെ 1:10).

നിയമജ്ഞൻ സ്വയം സാധൂകരിക്കാൻ ആഗ്രഹിച്ച് അടുത്തചോദ്യം യേശുവിനോടു ചോദിക്കുന്നു. *ആരാണ് എന്റെ അയൽക്കാരൻ?* ഈ ചോദ്യത്തിന്റെ പശ്ചാത്തലത്തിലാണ് യേശു നല്ല സമറായന്റെ ഉപമ പറഞ്ഞത്. ഉപമയിൽ യേശു ഉത്തരം നല്കുന്നു. ലൂക്കാ മാത്രമേ നല്ല സമറായന്റെ ഉപമ രേഖപ്പെടുത്തിയിട്ടുള്ളൂ. അത് ഒരു ഉദാഹരണകഥയാണ്. യേശു പലപ്പോഴും ഉദാഹരണകഥകൾ പറഞ്ഞിട്ടുണ്ട് (ഉദാ: ധനവാനും ലാസറും) കൊള്ളക്കാർ മർദ്ദിച്ച് അർദ്ധപ്രാണനായി കിടക്കുന്ന ആ മനുഷ്യനെ (യഹൂദനെ) പുരോഹിതൻ കണ്ടു (വാക്യം 31). ലേവായൻ സ്ഥലത്തു ചെന്നു കണ്ടു (വാക്യം 32). ഇരുവരും അവനെ കടന്നുപോയി. കാരണം, മൃതശരീരത്തിൽ സ്പർശിച്ചാൽ ഏഴു ദിവസത്തേക്ക് അവർ അശുദ്ധരാകും. ലേവ്യ 19:34 അനുസരിച്ച് യഹൂദനു സ്വജാതിക്കാരനും (യഹൂദനും/രും) അവരുടെകൂടെ വസിക്കുന്ന വിജാതീയനും/രും മാത്രം അയല്ക്കാരനായിരുന്നു. ലേവ്യ 19:18 അനുസരിച്ച്, യഹൂദനു യഹൂദൻ മാത്രമാണ് അയല്ക്കാരൻ. പുതിയനിയമകാലത്ത് യഹൂദർ അയല്ക്കാരായി യഹൂദരെയും വിജാതീയരിൽനിന്നു യഹൂദമതത്തിൽ ചേർന്നവരെയും മാത്രമേ കണക്കാക്കിയിരുന്നുള്ളൂ. യഹൂദരും സമറിയാക്കാരും പരസ്പരം ബദ്ധശത്രുക്കളായിരുന്നു. മുറിവേറ്റുകിടക്കുന്ന യഹൂദന് തന്റെ മതനിയമമനുസരിച്ച് സമറിയാക്കാരൻ അയല്ക്കാരൻ അല്ലായിരുന്നു. പോരെങ്കിൽ, ദൈവഭക്തനു നന്മ ചെയ്യുക; നല്ലവനെ സഹായിക്കുക; പാപിയെ സഹായിക്കരുത് എന്നിങ്ങനെ ജ്ഞാനോപദേശവുമുണ്ട് (പ്രഭാ 12:1-7). സമറിയാക്കാരന്റെ അകമലിഞ്ഞ്,

അവന് യേശുവിനു നായിനിലെ വിധവയോടുണ്ടായതുപോലെ, "അനുകമ്പ തോന്നി," അയാൾക്കു പ്രാഥമിക ശുശ്രൂഷകൾ നല്കിയിട്ട് കൂടുതൽ പരിചരണത്തിനു സത്രത്തിൽ എത്തിക്കുന്നു. "*ആരാണ് എന്റെ അയല്ക്കാരൻ*" എന്ന ചോദ്യത്തിന്റെ ഉത്തരം ചോദ്യകർത്താവിനെക്കൊണ്ടുതന്നെ യേശു പറയിച്ചു: ആജന്മ ശത്രുവെങ്കിലും മുറിവേറ്റു കിടന്നവനോട് അനുകമ്പയുണ്ടായവനാണ് യഥാർത്ഥ അയല്ക്കാരൻ. സമറിയാക്കാരൻ യേശുവിനെപ്പോലെ പ്രവർത്തിച്ചു.

"*ആരാണ് എന്റെ അയല്ക്കാരൻ*" എന്നു ചോദിച്ച നിയമജ്ഞനു കഥയിൽ യേശു പറഞ്ഞുകൊടുക്കുന്നത് എങ്ങനെ നല്ല അയല്ക്കാരൻ ആകാം എന്നത്രേ. നിയമം മാത്രം നോക്കി നിത്യജീവൻ പ്രാപിക്കാൻ സാധ്യമല്ല. നല്ല അയല്ക്കാരനായിരിക്കണം. നിയ 6:5ലെയും ലേവ്യ 19:18ലെയും നിയമങ്ങൾ സംയോജിച്ചുണ്ടായ നിയമം, ദൈവസ്നേഹവും പരസ്നേഹവും കേന്ദ്രമാക്കി ഏകോപിപ്പിച്ച ഒരു നിയമം, പ്രാവർത്തികമാക്കുകയാണ് നിത്യജീവൻ അവകാശമാക്കാൻ ചെയ്യേണ്ടതെന്ന് യേശു സ്ഥിരീകരിച്ചു. ശുശ്രൂഷ ആവശ്യമുള്ളവർക്കു ദൈവസ്നേഹം അലിഞ്ഞൊഴുകുന്ന പരസ്നേഹത്തിന്റെ ശുശ്രൂഷ നല്കി നല്ല അയല്ക്കാരനായിത്തീരുകയാണ് നിത്യജീവൻ പ്രാപിക്കാൻ തക്കവിധമുള്ള നിയമപാലനം. അശുദ്ധനെന്ന് അയിത്തമുള്ള സമറിയാക്കാരനും "നല്ല അയല്ക്കാരനായാൽ" നിത്യജീവൻ അവകാശമാക്കാമെന്നും യേശു ഈ കഥയിൽ പഠിപ്പിക്കുന്നു.

